## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹനമിട്ട ചോദ്യം നം. 272 | 22.06.2012ൽ മറുപടിയ്ക്ക് |
|---|---|
| **ഏകീകൃത ബാലവികസന പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. സി.മമ്മൂട്ടി**<br>**ശ്രീ.എം. ഉമ്മർ**<br>**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) കേന്ദ്ര സർക്കാരിന്റെ ഏകീകൃത ബാലവികസനപദ്ധതിയുടെ (ഐ.സി.ഡി.എസ്) നടത്തിപ്പിൽ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പദ്ധതിയുടെ പ്രവർത്തനങ്ങളെ ക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് അംഗൻവാടികളുടെ നവീകരണത്തിന് വേണ്ടി അനുവദിച്ച തുക ചെലവഴിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (സി) അംഗൻവാടികൾക്ക് കെട്ടിടം, മറ്റ് ഭൗതിക സാഹചര്യങ്ങൾ, അംഗൻവാടികളുടെ നവീകരണം, മെയിന്റനൻസ് എന്നിങ്ങനെയുള്ള ചുമതലകൾ വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ അംഗൻവാടികളുടെ നവീകരണ ത്തിനുള്ള നടപടികൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട |

| | |
|---|---|
| | തദ്ദേശഭരണ സ്ഥാപനങ്ങളാണ്. എങ്കിലും മുൻ സർക്കാരിന്റെ കാലത്ത് അംഗൻവാടികൾ സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിയ്ക്കായി 2010-11 വർഷം അനുവദിച്ച സംസ്ഥാന വിഹിതം ഒരു കോടി രൂപയിൽ ഏഴ് അംഗനവാടികൾക്കായി കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച 24.5 ലക്ഷം രൂപ സറണ്ടർ ചെയ്യാൻ ഇടയായിട്ടുണ്ട്. ബാക്കിയുള്ള വർഷങ്ങളിൽ വകയിരുത്തിയ മൊത്തം തുകയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി)പദ്ധതി പ്രകാരമുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും, വിജയകര മാക്കാനും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) ഐസിഡിഎസ് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ഇതിന്റെ പ്രവർത്തനം തികച്ചും കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശ ങ്ങളും ഉത്തരവുകളും അനുസരിച്ചാണ് നടപ്പിലാക്കി വരുന്നത്. നടപ്പുവർഷം ടി പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിത പ്പെടുത്താനും വിജയകരമാക്കാനും തയ്യാറാക്കി യിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

1. കുട്ടികളുടെ വളർച്ചാ നിരീക്ഷണത്തിനായി ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള പുതുക്കിയ ഗ്രോത്ത് ചാർട്ടും മദർ & ചൈൽഡ് പ്രൊട്ടക്ഷൻ കാർഡും സംസ്ഥാനത്തെ എല്ലാ അംഗൻവാടികളിലും വിതരണം ചെയ്തിട്ടുണ്ട്. ഇത് ഫലപ്രദമാണെന്ന് കാണുന്നു.

2. വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവയ്പ്, ന്യൂനപോഷണം എന്നീ വിഷയങ്ങൾ ആസ്പദമാക്കി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ഐസിഡിഎസ് പ്രവർത്തകർക്കും പരിശീലന പരിപാടികൾ മെച്ചപ്പെട്ട രീതയിൽ സംഘടിപ്പിച്ചു.

3. പ്രതിരോധ കുത്തിവയ്പ് ലഭിക്കാത്ത സംസ്ഥാനത്തെ മുഴുവൻ കുട്ടികളെയും പ്രത്യേകം കണ്ടെത്തി അവർക്ക് പ്രതിരോധ കുത്തിവയ്പ് ലഭ്യമാക്കുന്നതിനും ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ച് മുഴുവൻ കുട്ടികൾക്കും കുത്തിവയ്പ് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലാണ് എന്നാണ് വിലയിരുത്തുന്നത്.

4. 2011-12 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ പദ്ധതിയായ ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പ്രകാരം ഗർഭിണികളായ ഗുണഭോക്താക്കൾക്ക് മൂന്ന് ഗഡുക്കളായി നാലായിരം രൂപ വീതം സാമ്പത്തിക സഹായം നൽകുന്ന പദ്ധതി വളരെ വിജയപ്രദമായിരുന്നു . മൊത്തം 118149807 രൂപ ചിലവഴിച്ചിട്ടുളള ഈ പദ്ധതി പാലക്കാട് ജില്ലയിൽ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

5. 11 മുതൽ 18 വയസ്സ് വരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ സ്കിൽസ് ഉയർത്തുന്നതിനും ഇതോടൊപ്പം അവരെ ശാക്തീകരിക്കുന്നതിനുമായി കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം, ഇടുക്കി,പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയായ രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ്( സബല) വിജയപ്രദമായി മുന്നോട്ട് പോകുന്നുണ്ട്. ഈ ഇനത്തിൽ 2011-12 സാമ്പത്തിക വർഷം ന്യൂട്രീഷൻ

ആക്ടിവിറ്റികൾക്കായി 1123 ലക്ഷം രൂപയും നോൺ -ന്യൂട്രീഷൻ ഇനത്തിൽ 254 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## പ്രധാന നേട്ടങ്ങൾ

1. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും 10 സെന്റ് ഭൂമിയിൽ ഓരോ മാതൃകാ അംഗൻവാടി കേന്ദ്രം 19,25,000 രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചു. ഇതിൽ സർക്കാർ വിഹിതം 15 ലക്ഷം രൂപയും ബാക്കി തുക എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
2. എല്ലാ ഐസിഡിഎസ് പ്രോജക്ടുകളും കംപ്യൂട്ടർവൽക്കരിക്കുന്നതിനും എല്ലാ അംഗൻവാടി കേന്ദ്രങ്ങളും കംപ്യൂട്ടർ നെറ്റ് വർക്കിന്റെ പരിധിയിൽ [മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS)] കൊണ്ടു വരുന്നതിനും നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
3. അംഗൻവാടി പ്രവർത്തകർക്കുള്ള പ്രതിമാസ ഹോണറേറിയത്തിൽ സംസ്ഥാന സർക്കാർ വിഹിതം 550 രൂപയിൽ നിന്നും 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.
4. 2011-12 വർഷത്തെ മെഡിസിൻ കിറ്റ് വിതരണം ചെയ്യുന്നതിനായി എച്ച്എൽഎൽ -(HLL)നെ ഏൽപ്പിക്കുവാൻ അനുമതി നൽകി.

## പോരായ്മകൾ

1. സംസ്ഥാനത്തെ 11958 അംഗൻവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്ഥലം ലഭ്യമാകുന്നതിനുള്ള തടസ്സങ്ങളാണ് സ്വന്തം കെട്ടിടങ്ങൾ ഇല്ലാത്തതിന്റെ പ്രധാന കാരണം.
2. പല അംഗൻവാടി കേന്ദ്രങ്ങളും മുൻപ് സ്ഥലം ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന വഴികൾ ഇപ്പോൾ നിലവിലില്ലാത്തതിനാൽ എത്തിപ്പെടാൻ ദുർഘടമായ സ്ഥലങ്ങളിലാണ്.
3. ഒട്ടുമിക്ക അംഗൻവാടി കേന്ദ്രങ്ങൾക്കും ചുറ്റുമതിൽ ഇല്ലാത്തത് ഗുരുതരമായ സുരക്ഷാ ഭീഷണി ഉയർത്തുന്നുണ്ട്.
4. എല്ലാ അംഗൻവാടി കേന്ദ്രങ്ങൾക്കും പൈപ്പ് കണക്ഷൻ ലഭ്യമല്ല.
5. 2010-11 വർഷത്തെ പ്രീ. -സ്കൂൾ കിറ്റ് വാങ്ങുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ കളിപ്പാട്ടങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

1) ഐസിഡിഎസ്-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കംപ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിംഗ് സംവിധാനം കേന്ദ്ര സഹായത്തോടെ 2012-13 വർഷം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ ഫോർമാറ്റുകൾ മലയാളത്തിൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. തുടരന്ന് ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും അച്ചടിക്കുക, എല്ലാ അംഗൻവാടി വർക്കർമാർക്കും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള പരിശീലനം നൽകുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

2) ഇന്ത്യയിലെ കുട്ടികൾക്ക് ന്യൂന പോഷണം (Malnutrition) ബാധിച്ചതായി വിവിധ പഠനങ്ങളിലൂടെ കേന്ദ്ര സർക്കാർ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ കാരണങ്ങളും നിവാരണങ്ങളും ഉൾപ്പെടുത്തിയ രണ്ട് മിനിട്ട് വരെ ദൈർഘ്യമുള്ള 40 സ്പോട്ട് ഫിലിമുകൾ, ഓരോ ജില്ലയിലും സ്ഥാപിക്കുന്നതിനുള്ള hoardings എന്നിവയ്ക്ക് വേണ്ട ലിറ്ററേച്ചർ മലയാളത്തിൽ തർജ്ജിമ ചെയ്ത് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ ന്യൂന പോഷണത്തിന് എതിരെ നടത്തുന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി കേരളത്തിലും ജനകീയ പങ്കാളിത്തത്തോടുകൂടി campaign നടത്തുന്നതിനാവശ്യമായ തയ്യാറാക്കുന്ന സ്പോട്ട് ഫിലിമുകൾ കേന്ദ്ര സർക്കാരിന്റേയും യൂണിസെഫിന്റെയും സംയുക്ത സഹായത്തോടുകൂടി കേന്ദ്ര സർക്കാർ തയ്യാറാക്കുന്നതാണ്. എല്ലാ സ്പോട്ട് ഫിലിമുകളും എല്ലാ ഭാഷകളിലും തയ്യാറാക്കുന്നുണ്ട്. ഇത് ന്യൂന പോഷണത്തിന് എതിരെ വമ്പിച്ച പ്രചാരണമാക്കി മാറ്റുന്നതാണ്.

3) പ്രീ- സ്കൂൾ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും അംഗൻവാടി വർക്കർമാരെ സഹായിക്കുന്നതിനായി NIPCCD-(National Institute of Public Co-operation and Child Development)യുടെ സഹകരണത്തോടെ ഒരാഴ്ച്ചയിൽ ഒന്ന് എന്ന തോതിൽ 52 തീം ചാർട്ടുകളും ആക്ടിവിറ്റി ചാർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ അംഗൻവാടി വർക്കർമാർക്കും 10 ദിവസത്തെ ക്രാഷ് കോഴ്സ് സംഘടിപ്പിക്കുവാൻ പരിപാടിയുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്ത് പ്രതിനിധി കളുടേയും രക്ഷകർത്താക്കളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.

4) അംഗൻവാടികൾ വഴി നൽകുന്ന പോഷകമൂല്യമുള്ള ഭക്ഷണം കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5) അംഗൻവാടി കെട്ടിട നിർമ്മാണത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കുന്നതാണ്.

6) പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിന്റെ കാരണം കണ്ടുപിടിക്കുന്നതിനും PC&PNDT Act (Pre Conception and Pre-natal diagnostic techniques (Regulation and Prevention of Misuse) Act) കാര്യക്ഷമമായി നടപ്പാക്കുന്നതിനും വേണ്ട പഠനം നടത്തുന്നതിന് ആവശ്യമായ പ്രോൽസാഹനം നൽകുന്നതാണ്.

7) ഇപ്പോൾ നാല് ജില്ലകളിൽ ( മലപ്പുറം, പാലക്കാട്, ഇടുക്കി ,കൊല്ലം) നടപ്പിലാക്കി വരുന്ന SABLA പദ്ധതി മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികളുടെ ഒരു ശില്പശാല തിരുവനന്തപുരത്ത് ഐഎംജി-യിൽ വച്ച് നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

8) നിലവിൽ 500 സർക്കാർ സ്കൂളുകളിൽ സ്കൂൾ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി SCERT യുമായി ചേർന്ന് നാല് ദിവസത്തെ പരിശീലന പരിപാടി 2011-12 വർഷം സംഘടിപ്പിക്കുകയുണ്ടായി. ഇത് വളരെ പ്രയോജന പ്രദമായിരുന്നു. ഇതിന്റെ തുടർച്ചയായി 6 ദിവസത്തെ പ്രായോഗിക പരിശീലനവും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

10) അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ വഴി വർക്കർമാർക്ക് നൽകുന്ന പരിശീലനം കൂടുതൽ ഫലപ്രദമാക്കാനായി പരിശീലന കേന്ദ്രങ്ങളിലെ ട്രെയിനർമാർക്ക് NIPCCD-(National Institute of Public Co-operation and Child Development) -ന്റെ സഹായത്തോടുകൂടി പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നതാണ്.

11) സംസ്ഥാനത്ത് ന്യൂനപോഷണം പൂർണ്ണമായി തടയുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ന്യൂട്രീഷൻ പോളിസിയുടെ ഡ്രാഫ്റ്റ് തയ്യാറാക്കികഴിഞ്ഞു. ആയത് പരിശോധിച്ചു വരികയാണ്.

12) Right to Education Act- ൽ അംഗൻവാടികളിലെ കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

13) 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് അംഗൻവാടികളിലൂടെ നൽകി വരുന്ന പ്രീ-സ്കൂൾ വിദ്യാഭ്യാസം വിഭാവനം ചെയ്തിരിക്കുന്നത് ഒരു കുട്ടിയുടെ ശാരീരിക മാനസിക സാമൂഹ്യ വൈകാരിക ഭാഷാപരമായ വളർച്ചയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള തീമാറ്റിക് അപ്രോച്ച് രീതിയിൽ ആണ്. ഇത് സംഘടിപ്പിക്കേണ്ടത് അംഗൻവാടി വർക്കറാണ്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അംഗൻവാടി വർക്കർമാരേയും ഐസിഡിഎസ് സൂപ്പർവൈസർമാരേയും അംഗൻവാടിയുമായി ബന്ധമില്ലാത്ത മറ്റ് ജോലികൾക്കായി നിയോഗിക്കുന്നുണ്ട്. ഇത് അംഗൻവാടികളിലൂടെയുള്ള സേവനങ്ങളുടെ

ഗുണനിലവാരം കുറയാൻ കാരണമായി കണ്ടെത്തിയിട്ടുണ്ട്. അതിനാൽ അംഗൻവാടി വർക്കറുടെ സേവനം അംഗൻവാടികളിൽ മാത്രം നിലനിർത്തി സേവനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്.

14) ഒരു ഗർഭിണിയ്ക്ക് നാലായിരം രൂപ നൽകുന്ന ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതി ഇപ്പോൾ പാലക്കാട് ജില്ലയിൽ മാത്രമാണ് നടപ്പിലാക്കുന്നത്. അത് ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്.

15) ഒരു വാർഡിൽ 10 സെന്റ് സ്ഥലത്ത് 910 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി 19,25,000 രൂപ ചെലവിടുന്നതാണ്. ഇതിൽ എംഎൽഎ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള 4,25,000 രൂപ കൂടി ഉൾപ്പെടുന്നു. ഇതു വരെ 35 വാർഡുകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 അംഗൻവാടി പണിയുവാൻ പദ്ധതിയുണ്ട്.

16) ഓരോ പഞ്ചായത്തിലും മാസത്തിലൊരിക്കൽ വില്ലേജ് ഹെൽത്ത് ന്യൂട്രീഷൻ ഡേ എന്ന നിലയിൽ അംഗൻവാടി ഗുണഭോക്താക്കൾക്ക് മെഡിക്കൽക്യാമ്പ് ഉൾപ്പെടെയുള്ള പരിപാടികളോടെ ആചരിക്കുന്നതാണ്.

17) മൂന്ന് മാസത്തിലൊരിക്കൽ കൗമാരപ്രായക്കാരായ കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ കിശോരി ദിവസ് സംഘടിപ്പിക്കുന്നതാണ്. തദവസരത്തിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള മെഡിക്കൽ ചെക്കപ്പ്, ഐഎഫ്എ ടാബ്ലറ്റ് വിതരണം, സോഫ്റ്റ് സ്കിൽ വികസനത്തിനുള്ള ക്ലാസുകൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

18) SABLA പദ്ധതിയുടെ ഭാഗമായി SABLA ജില്ലകളിലെ സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്കു വേണ്ടി ബ്ലോക്ക്തലത്തിൽ തൊഴിൽ പരിശീലനങ്ങൾ നടത്തുന്നുണ്ട്. മറ്റ് ബ്ലോക്കുകളിൽ കിശോരി ശക്തി യോജനയുടെ ഫണ്ട് ഉപയോഗിച്ച് തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവുരുന്നു.

19) വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി ഹൈക്കോടതി ഉത്തരവ് അനുസരിച്ച് ബ്ലോക്ക് പ്രസിഡന്റ് ചെയർമാനായി പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒഴിവുള്ള അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും തസ്തികകൾ നികത്തുന്നതിനുള്ള നടപടി എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ